(സി) ഈ സാഹചര്യം ഗ്രാമങ്ങളുടെ സ്വയംപര്യാപ്തതയെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉല്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന നിലയിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം മാറ്റിയെടുക്കുന്നതിന് തയ്യാറാകുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും സവിശേഷ സാഹചര്യമനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് ഉല്പാദനമേഖലയിൽ 85% വരെ വികസന ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ചെലവാക്കാവുന്ന സാഹചര്യമുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള പൂർണ്ണമായ അധികാരം ഗ്രാമപഞ്ചായത്തുകൾക്കുണ്ട്.

(സി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി ഓരോ ഗ്രാമപഞ്ചായത്തും പദ്ധതി തയ്യാറാക്കുന്നതിനാണ് മാർഗ്ഗരേഖപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം പദ്ധതി ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പക്ഷം ഗ്രാമങ്ങൾക്ക് സ്വയംപര്യാപ്തത നേടാവുന്ന സാഹചര്യം നിലവിലുണ്ട്.

(ഡി) ഉല്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

ക്ഷീരോല്പന്നങ്ങൾക്കുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ

13 (*283) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസിയാൻ കരാറിനെത്തുടർന്ന് 2015 ജനുവരി മുതൽ ക്ഷീരോൽപ്പന്നങ്ങൾക്കുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ നീങ്ങിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സാഹചര്യം സംസ്ഥാനത്തിന്റെ ക്ഷീരമേഖലയെ എതു വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയം കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ക്ഷീരമേഖലയെ സെൻസിറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്താതെ പോയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ശ്രമിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ-ഡി) ആസിയാൻ കരാർ പ്രകാരം ഇറക്കുമതിക്ക് നിയന്ത്രണമുള്ള നെഗറ്റീവ് ലിസ്റ്റിലാണ് പാൽ, വെണ്ണ, നെയ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇറക്കുമതിക്ക് നിശ്ചിത നികുതി ബാധകമാക്കിയിട്ടുണ്ട്. പാൽ ഉല്പാദനത്തിൽ ഇന്ത്യ ആസിയാൻ രാജ്യങ്ങളെക്കാൾ മുന്നിലുമാണ്. അതിനാൽ ആസിയാൻ കരാർ സംസ്ഥാനത്തിന്റെ ക്ഷീരമേഖലയെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയില്ലെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

നീര ഉൽപ്പാദന യൂണിറ്റുകൾ

14 (*284) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. ദാസൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപാദന യൂണിറ്റ് എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കാമോ ;

(ബി) നീരയ്ക്ക് ഏറെ ജനപ്രീതി ലഭിച്ച സ്ഥിതിക്ക് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) നീര ഉൽപാദനത്തിന് ഇപ്പോൾ നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യകതമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly